# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 91 — 04.02.2019 ൽ മറുപടിക്ക്

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. നൗഷാദ്<br>ശ്രീ.എം. മുകേഷ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) തോട്ടണ്ടിയുടെ ലഭ്യത കുറവാണ് വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം. വ്യവസായത്തിന് ആകെ വേണ്ടത് ആറര ലക്ഷം ടൺ തോട്ടണ്ടിയാണ്. ആഭ്യന്തര ഉൽപ്പാദനം കേവലം 80,000 ടണ്ണും. ഈ അവസരത്തിലാണ് കേന്ദ്ര ഗവൺമെന്റ് തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം 9.36% ആയി പുതിയതായി ചുമത്തിയത്. ഇത് തോട്ടണ്ടിയുടെ വില വർദ്ധിക്കുന്നതിന് ഇടയാക്കി. കൂടാതെ വിയറ്റ്നാമിൽ നിന്നും കശുവണ്ടിപ്പരിപ്പ് (മൂല്യം കുറഞ്ഞ ഉൽപ്പന്നം എന്ന വ്യാജേന) ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയതും പ്രശ്നം സങ്കീർണ്ണമാക്കി. ഗുണനിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് സ്പെഷ്യൽ ഇക്കണോമിക് സോൺ വഴി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത് വിപണനം നടത്തുന്ന കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ ഗുരുതരമായി ബാധിച്ചു. ഫലത്തിൽ പല വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടി. ഇത് വ്യവസായത്തിൽ വായ്പ എടുത്ത തൊഴിലുടമകളുടെ കടബാദ്ധ്യത വർദ്ധിക്കുന്നതിനും ഇടയാക്കി. വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വ്യവസായികൾ കടക്കെണിയിലായി.<br>ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് തീരുമാനിച്ച കമ്മറ്റി വ്യവസായികളെ കേട്ട് തുടർ നടപടി സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടിയുടെ ആഭ്യന്തര ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ മുഖ്യചുമതല കശുവണ്ടി സംസ്കരണമാണ്. കശുമാവ് കൃഷിയല്ല. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ചുമതല സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്കാണ്. എന്നാൽ കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ കൈവശമുള്ള ഫാക്ടറികളുടെ ഭാഗമായി ലഭ്യമായ തരിശുഭൂമികളിൽ കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ വിവിധ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ട പദ്ധതിയിൽപ്പെടുത്തി അത്യുത്പാദന ശേഷിയുള്ള കശുമാവ് തൈകളുടെ നടീൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷൻ കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് ആർ.പി.എൽ, പുനലൂർ ബി.ബി എസ്റ്റേറ്റ് എന്നിവിടങ്ങളിൽ കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി എത്രയെന്നും അതിന്റെ വിലയും അറിയിക്കാമോ; | (സി) | കേരള കാഷ്യു ബോർഡ് ആഫ്രിക്കൻ രാജ്യമായ ഗിനിബിസ്സാവുവിൽ നിന്ന് 2018 ൽ 3000 ടണ്ണോളം തോട്ടണ്ടി, USD 1815/MT നിരക്കിൽ ഇറക്കുമതി ചെയ്തു. ആഫ്രിക്കൻ രാജ്യമായ മൊസാംബികിൽ നിന്നും 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കേരള കാഷ്യു ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. ഫെബ്രുവരി പകുതിയോടെ ടി തോട്ടണ്ടി കേരളത്തിൽ എത്തിച്ചേരുന്നതാണ്. ആഫ്രിക്കൻ രാജ്യമായ ഘാനയിൽ നിന്നും 5000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുവാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. കൂടാതെ ഐവറികോസ്റ്റ്, ബെനിൻ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും തയ്യാറെടുത്തുവരുന്നു.<br>നിലവിൽ കശുവണ്ടി വികസന കോർപ്പറേഷൻ കേരളാ കാഷ്യു ബോർഡിൽ നിന്നും മെട്രിക് ടണ്ണിന് USD 1825 നിരക്കിൽ 2887.934 മെട്രിക് ടൺ ഗിനിബിസാവു തോട്ടണ്ടി വാങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഗുണനിലവാരം കൂടിയ തോട്ടണ്ടിക്ക് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ വിലക്കുറവ് ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (ഡി) | കശുവണ്ടി സീസണിന്റെ തുടക്കമായതിനാൽ വിലനിലവാരം നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. |
| (ഇ) | കർഷകർക്ക് തോട്ടണ്ടിക്ക് 120 രൂപയിൽ താഴെമാത്രം ലഭ്യമാകുന്ന സ്ഥിതി കശുമാവ് കൃഷി നിരുത്സാഹപ്പെടുത്തുമെന്നതിനാൽ ന്യായവില ഉറപ്പാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ? | (ഇ) | കഴിഞ്ഞ സീസണിൽ (2018) കശുവണ്ടി വില നിർണ്ണയ സമിതിയുടെ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുള്ള തറവില 138 രൂപയായിരുന്നു. ഈ സീസണിലെ (2019) തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിനായി പ്രൈസ് ഫിക്സിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി 30/01/2019-ൽ കൂടിച്ചേർന്നെങ്കിലും തോട്ടണ്ടി സീസൺ തുടക്കമായതിനാൽ വിലനിർണ്ണയം അടുത്ത കമ്മറ്റി യോഗത്തിലേക്ക് മാറ്റിവച്ചിരിക്കുകയാണ്. കേരളത്തിലെ വ്യവസായത്തിനും കശുമാവ് കൃഷിക്കാർക്കും പ്രയോജനപ്പെടുത്തുന്ന തരത്തിൽ ന്യായ വില ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ